"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായിരുന്ന ശ്രീമതി.ഷീജ.എസ്-ന് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2005/2024/LSGD തീയതി,തിരുവനന്തപുരം, 21-10-2024

---

പരാമർശം:-

1. 21.03.2019 തീയതിയിലെ സ.ഉ.(സാധ) നം. 679/2019/തസ്വഭവ.
2. 20.01.2021 തീയതിയിലെ സ.ഉ(സാധാ) നം. 155/2021/തസ്വഭവ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.09.2024 തീയതിയിലെ LSGD/PD/25498/2023-DEG1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ഷീജ എസ്-ന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് ശേഷം അനുവദനീയമാണെന്ന് അറിയിച്ച ₹12,37,145/-ൽ ടിയാൾക്ക് പലിശരഹിത വായ്പയായി അനുവദിച്ച ₹7,50,000/- ക്രമീകരിച്ച് ബാക്കി ₹4,87,145/- മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് ടിയാളുടെ അപേക്ഷയും അനുബന്ധരേഖകളും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 കത്ത് പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ഷീജ എസ്-ന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് ശേഷം അനുവദനീയമാണെന്ന് അറിയിച്ച ₹12,37,145/- ൽ പലിശരഹിത മെഡിക്കൽ അഡ്വാൻസായി പരാമർശം 1,2 ഉത്തരവുകൾ പ്രകാരം ക്രമീകരിച്ചിട്ടുള്ള ₹7,50,000/- കഴിച്ചുള്ള ₹4,87,145/-(നാല് ലക്ഷത്തി എൺപത്തി ഏഴായിരത്തി ഒരുനൂറ്റി നാൽപ്പത്തി അഞ്ച് രൂപ മാത്രം) റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 22-10-2024 14:18:15
സെക്ഷൻ ഓഫീസർ